നേതാവും ഇങ്ങനെ ദീർഘിപ്പിച്ചു പോയാൽ ഞാൻ ഇടപെടേണ്ടിവരും. മറ്റുള്ളവരുടേയും അഭിപ്രായങ്ങൾ നമ്മൾ ആദരിക്കണം. അതുകൊണ്ട് അതിനെപ്പറ്റിയുള്ള ചർച്ച തൽക്കാലം നിർത്തി വച്ച് സബ്മിഷൻ തീർക്കട്ടെ.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : നിരാഹാര സമരത്തിൽ ഉണ്ടായിട്ടുള്ള ഒത്തുതീർപ്പ് എന്നുപറയുന്നത് മെല്ലെ സംഭരണം, അതുപോലെതന്നെ മുഞ്ഞ ബാധിച്ച കൃഷിക്കാർക്കുള്ള നഷ്ടപരിഹാരം, പതിനായിരക്കണക്കിന് ഏക്കർ കൃഷി നശിച്ചുപോയവർക്കുള്ള നഷ്ടപരിഹാരം എന്നിവ നൽകാമെന്നുള്ള ഉറപ്പാണ് അവ ഒന്നും പാലിച്ചിട്ടില്ല. അതുപോലെതന്നെ കൃഷിക്കാരുടെ ഇൻഷ്വറൻസിലെ ഫസ്റ്റ് പ്രീമിയം ഗവൺമെന്റ് അടയ്ക്കാം എന്നുപറഞ്ഞു, അടച്ചില്ല. 1300 ആളുകൾ കേരളത്തിൽ മരിച്ചു എങ്കിലും സർക്കാരിന്റെ കണക്ക് 215 ആണ്. ആ 215 പേർക്കെങ്കിലും ഒരു ലക്ഷം രൂപ കൊടുക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചു, അത് കൊടുക്കാമെന്ന് പറഞ്ഞു. കൊടുത്തില്ല. ഇങ്ങനെ നാല് കാര്യങ്ങളും ഗവൺമെന്റ് എഴുതിത്തന്ന നിരാഹാര സമരത്തിന്റെ ഒത്തുതീർപ്പാണെങ്കിലും ഈ നിലയിൽ കിടക്കുകയാണ് എന്ന സത്യം അങ്ങ് മറക്കരുത്. അത് സത്യം തന്നെയാണ്. ഗവൺമെന്റിന് അത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ള വസ്തുത മനസ്സിലാക്കിത്തരാൻവേണ്ടി ഞാൻ പറഞ്ഞു എന്നേയുള്ളൂ, ഞങ്ങൾ ഇന്നത്തെ സഭാ നടപടികൾ ബഹിഷ്ക്കരിച്ച് ഇറങ്ങിപ്പോകുന്നതുകൊണ്ട് ഞങ്ങളുടെ മെമ്പർമാർ ഇന്നത്തെ സിറ്റിംഗ് ഫീസ് വാങ്ങുന്നതല്ല. ചില ആളുകൾ ഒപ്പിട്ടിട്ടുണ്ട് എങ്കിലും ആബ്സന്റ് ഞങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്, ഞങ്ങൾ എഴുതിയും കൊടുത്തിട്ടുണ്ട്. അക്കാര്യംകൂടി അറിയിക്കുന്നു.

മി. സ്പീക്കർ : ഇറങ്ങിപ്പോക്കല്ല, സഭാനടപടികളിൽ പങ്കെടുക്കുന്നില്ല എന്നുള്ളതല്ലേ?

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ : സഭാനടപടികളിൽ തുടർന്ന് പങ്കെടുക്കുന്നില്ല.

(ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്ക്കരിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോയി)

(2) വൈദികരേയും വിശ്വാസികളേയും മർദ്ദിച്ച സംഭവം

ശ്രീ. വി. ജെ. പൗലോസ് : സർ, ആലുവ തൃക്കുന്നത്തുകാവ് സെമിനാരിക്കു മുമ്പിൽ യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്ക ബാവ തോമസ് പ്രഥമൻ നടത്തിയ നിരാഹാര പ്രാർത്ഥനാ യജ്ഞത്തിന് അനുഭാവം രേഖപ്പെടുത്തുന്നതിന് എത്തിച്ചേർന്ന വൈദികരേയും വിശ്വാസികളേയും ക്രൂരമായി മർദ്ദിച്ച് അവശരാക്കിയ പോലീസ് നടപടിയെ സംബന്ധിച്ചാണ് എനിക്ക് ഈ സബ്മിഷനിലൂടെ സൂചിപ്പിക്കാനുള്ളത്. ശ്രേഷ്ട ബാവയെ ഇത്തരം കടുത്ത നടപടികൾ സ്വീകരിക്കുവാൻ നിർബന്ധിച്ചതിന്

LIBRARY ARCHIVES Kerala Legislative Assembly

നിരവധി കാരണങ്ങൾ ഉണ്ടെങ്കിലും മുഖ്യമായും രണ്ട് കാരണങ്ങളാണുള്ളത്. കോലഞ്ചേരി, കുടമറ്റം, ഊരമന, മുളക്കുളം, ഇടമറുക്, കന്യാട്ടുനിരപ്പ്, തൃക്കുന്നത്ത് സെമിനാരിയോട് അനുബന്ധിച്ചുള്ള പള്ളി ഉൾപ്പെടെ വർഷങ്ങളായി പുറ്റിക്കിടക്കുന്ന കേരളത്തിലെ നിരവധി പള്ളികൾ തുറന്നുപ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കണം എന്ന ബാവയുടെ നിരന്തരമായ ആവശ്യത്തിനുനേരെ അനുഭാവപൂർവ്വമായ നടപടികൾ സ്വീകരിച്ചില്ല എന്നതിൽ ബാവ ദുഃഖിതനും നിരാശനുമാണ്. രണ്ടാമത്തേത് ആദ്യം തൃക്കുന്നത്തു സെമിനാരിയും പള്ളിയും സംബന്ധിച്ച് വർഷങ്ങളായി നിലനിന്നുള്ള സ്റ്റാറ്റസ്കോ വയലേറ്റ് ചെയ്യപ്പെട്ടു എന്നുള്ളതാണ്. ഓർത്തഡോക്സ് വിഭാഗത്തിന്റെ പുരോഹിതൻ എന്നുള്ള നിലയിൽ പൈറക്കോടതി നിയമിച്ചിരുന്ന റിസീവറിയും മാനേജരുമായ ഫാദർ ജേക്കബ് മണ്ണാറപ്രയെ മാറ്റി മറ്റൊരാളെ സഭാ നേതൃത്വത്തിൽ നിയമിച്ചതിലൂടെയാണ് പുതിയ തർക്കം ആരംഭിക്കുന്നത്. അതിൽ പ്രതിഷേധിച്ച് ജൂൺ 24-ാം തീയതി പ്രാർത്ഥനാ ഉപവാസ യജ്ഞം ബാവ തുടങ്ങിതാണ്. സർക്കാരിനുവേണ്ടി ജില്ലാകളക്ടർ കൊടുത്ത ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ബാവ 25-ാം തീയതി ഉപവാസം അവസാനിപ്പിച്ചത്. അന്ന് കൊടുത്ത ഉറപ്പിന്റെ ലംഘനം നടക്കുവാൻ പോകുന്നുവെന്നറിഞ്ഞുകൊണ്ടാണ് ബാവ തിരുമേനിയെ വീണ്ടും ജൂലൈ 2-ാം തീയതി ഉപവാസ സമരം നടത്തുവാൻ നിർബന്ധിതനാക്കിയത്. സർക്കാരിന്റെ സന്ദർഭോചിതമായ ഇടപെടലിലൂടേയും മുഖ്യമന്ത്രിയുടെ ഉറപ്പിന്റേയും അടിസ്ഥാനത്തിൽ വീണ്ടും ബാവ ഉപവാസ സമരം നിർത്തിവച്ച് പ്രശ്നം കൂടുതൽ വഷളാകാതിരിക്കാനും സമാധാനപരമായി പരിഹരിക്കുന്നതിനും സർക്കാരിനോട് ആത്മാർത്ഥമായി സഹകരിച്ചു. എന്നാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതിനിടയിൽ ആലുവായിലെ പറവൂർ കവലയ്ക്കു സമീപമുള്ള പള്ളിയിൽ വന്നുകൂടിയിരുന്ന സഭാ വിശ്വാസികൾക്ക് നേരെ ആരോ സർക്കാർ വക വാഹനം കത്തിച്ചുവെന്നതിന്റെ പേരിൽ ഒരു സംഘം പോലീസുകാർ ഇരച്ച് എത്തുകയും പിരിഞ്ഞുപോകുന്നതിന് ആവശ്യപ്പെടുകപോലും ചെയ്യാതെ ലാത്തി ചാർജ്ജ് ആരംഭിക്കുകയും ചെയ്തു. വിരണ്ടോടിയ വിശ്വാസികളെ ക്രൂരമായി പല ഭാഗത്തേക്കും ഓടിച്ച് പിന്നാലെ ചെന്ന് ക്രൂരമായി മർദ്ദിക്കുകയും, നിരവധി വൈദികർ മർദ്ദനമേറ്റ് തറയിൽ വീഴുകയും നിരവധിപേർ ഓടി രക്ഷപ്പെടുകയും ചെയ്തു. മുന്ന് വൈദികരുൾപ്പെടെ 300-ഓളം വിശ്വാസികളെ അറസ്റ്റ് ചെയ്ത് ക്യാമ്പിലാക്കി. ഇപ്പോൾ 48 പേർ ജയിലിലാണ്. പൊതുമുതൽ നശിപ്പിച്ചുവെന്ന പേരിലാണ് ഇവരുടെ പേരിൽ കേസ് എടുത്തിട്ടുള്ളത്. ഇവരാരും കാർ കത്തിക്കുന്നതിന് കൂട്ടുനിന്നിട്ടില്ല. അങ്ങനെയുള്ള പൊതുമുതൽ നശിപ്പിക്കുന്ന സമര പരിപാടിയിൽ വിശ്വസിക്കുന്നവരല്ല ഈ സമുദായത്തിലെ വിശ്വാസികൾ. ഈ പ്രശ്നത്തിൽ നിന്നും മുതലെടുപ്പ് നടത്താൻ ഏതോ സാമൂഹ്യവിരുദ്ധർ ബോധപൂർവ്വം നുഴഞ്ഞുകയറി അക്രമങ്ങൾ നടത്തിയതാകാം എന്ന് വിശ്വസിക്കുന്നു. ഈ പ്രശ്നത്തിന് കാരണക്കാരായ

LIBRARY ARCHIVES Kerala Legislative Assembly

കുറ്റവാളികളെ കണ്ടെത്തുകയും നിരപരാധികളെ ജയിലിൽനിന്നും മോചിപ്പിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നതിനോടൊപ്പം വൈദികരും വിശ്വാസികളുമായ നിരപരാധികൾ ക്രൂരമായി മർദ്ദനം ഏൽക്കാൻ ഇടയായ സാഹചര്യത്തെ സംബന്ധിച്ച് നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണം നടത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം കൊടുക്കുകയും ആ അന്വേഷണത്തിലൂടെ നിരപരാധികളെ ഈ കേസിൽ നിന്ന് ഒഴിവാക്കുകയും ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിരവധി പള്ളികൾ പൂട്ടിക്കിടക്കുകയാണ്. വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇത് വലിയ പ്രശ്നമാണ്. അവരുടെ പള്ളികൾ പൂട്ടിക്കിടക്കുന്നതിൽ അവർ നിരാശരും ദുഃഖിതരുമാണ്. പൂട്ടിക്കിടക്കുന്ന പള്ളികൾ തുറന്നു പ്രവർത്തിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ ഒന്നുകിൽ മുഖ്യമന്ത്രി നേരിട്ട് ബന്ധപ്പെട്ടവരെ വിളിച്ച് ചർച്ചചെയ്തോ അല്ലെങ്കിൽ അതിനുവേണ്ടി പ്രത്യേക ഉന്നതാധികാര സമിതി രൂപീകരിച്ച് അവരെ ചുമതലപ്പെടുത്തിയോ വർഷങ്ങൾ പഴക്കമുള്ള ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരവും സമാധാനവും ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ മുൻകൈയെടുക്കണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. ടി. എം. ജേക്കബും ഏതാണ്ട് ഇതിന് സമാനമായ വേറൊരു പ്രശ്നം ഉന്നയിക്കുന്നതിന് എഴുതിത്തന്നിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ് : ശ്രീ. വി. ജെ. പൗലോസ് ഉന്നയിച്ചത് ഈ കഴിഞ്ഞ ജൂലൈ 2-ാം തീയതി തൃക്കുന്നത്ത് സെമിനാരിയുടെ സമീപത്തെ മ്യൂസിക് കോളേജിനടുത്ത് സെന്റ് മേരീസ് പള്ളിയിൽ പോലീസ് കയറി കാണിച്ച ക്രൂരമായ അതിക്രമത്തെ സംബന്ധിച്ചാണ്. ഞാൻ സബ്മിഷനിലൂടെ ഉന്നയിക്കുന്ന പ്രധാനപ്പെട്ട വിഷയം ഇവിടെ മലങ്കര യാക്കോബായ സുറിയാനി സഭയും മലങ്കര ഓർത്തഡോക്സ് സഭയും തമ്മിൽ അഭിപ്രായവ്യത്യാസം നിലനിൽക്കുകയാണ് എന്നുള്ളതാണ്. ഇതിൽ ഓർത്തഡോക്സ് വിഭാഗത്തിൽപ്പെടുന്ന ആളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി. ഞാൻ യാക്കോബായ വിഭാഗത്തിൽപ്പെടുന്ന ഒരംഗമാണ്. ഞാൻ അതിന്റെ മാനേജിംഗ് കമ്മിറ്റിയിലും വർക്കിംഗ് കമ്മിറ്റിയിലും അംഗമാണ്. ഈ സഭകൾ തമ്മിൽ ഉണ്ടായിരിക്കുന്ന തർക്കം പരിഹരിക്കാൻവേണ്ടി ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ സഭാ ഐക്യത്തെക്കുറിച്ച് ചർച്ചകൾനടത്തി രമ്യതയിൽ എത്തിക്കാൻ എന്നെയും ശ്രീ. ഉമ്മൻ ചാണ്ടിയെയും, ശ്രീ. പി. പി. തങ്കച്ചനെയും ചുമതലപ്പെടുത്തിയിരുന്നു. ഞങ്ങൾ അതിന് വളരെ ആത്മാർത്ഥമായി ശ്രമം നടത്തി. പക്ഷേ പല കാരണങ്ങളാൽ അത് മെറ്റീരിയലൈസ് ചെയ്തില്ല. പിന്നീടാണ് ഇന്നത്തെ ശ്രേഷ്ഠ ബാവാ തിരുമേനി കാതോലിക്കാ ബാവയായി അവരോധിക്കപ്പെടുന്നതും മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളിലേക്ക് നീങ്ങുന്നതും. ഇത് വർഷങ്ങളായി നിലനിന്നുവരുന്ന ഒരു തർക്കമാണ്. ഈ തർക്കത്തിൽ രമ്യമായ പരിഹാരം ഉണ്ടാക്കാൻ കഴിയും എന്ന ഒരു സാഹചര്യം ഇപ്പോഴുണ്ട്. മലങ്കര സഭ എന്നുപറയുമ്പോൾ ഈ സംസ്ഥാനം മുഴുവൻ ഉള്ളതാണ്. ഈ സഭയിലെതന്നെ മലബാർ ഭദ്രാസനത്തിൽ മീനങ്ങാടിയിലുള്ള പീലസ്തിനോസ് തിരുമേനിയുടെ കീഴിൽവരുന്ന മലബാർ ഭദ്രാസനത്തിൽ ഭദ്രാസനാധിപനുണ്ട്. അവിടെ ഈ രണ്ടുവിഭാഗവുംതമ്മിൽ ചർച്ചകൾ നടത്തി ഭൂരിപക്ഷമുള്ള വിഭാഗത്തിന് പള്ളികൾ വിട്ടുകൊടുക്കുകയും ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പള്ളി വയ്ക്കാനുള്ള സ്ഥലവും കൊടുത്തതുകാരണം അവർ രമ്യമായി വേർപിരിഞ്ഞിട്ടുണ്ട്. ഇന്ന് സംസ്ഥാനത്ത് നിലനിൽക്കുന്ന ക്രൈസ്തവ സഭകൾ എന്നുള്ള നിലയിൽ ഈ രണ്ട് സഭകൾക്കും അവരുടേതായ എൻറിറ്റിയുണ്ട്. അവരവരുടെ വിശ്വാസപരമായിട്ടുള്ള പ്രശ്നങ്ങൾ ഒരുഭാഗത്ത് സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഇക്കാര്യത്തിൽ വീട്ടുവീഴ്ച ചെയ്യാൻ ഇരുവിഭാഗവും തയ്യാറാകും എന്ന് എനിക്ക് തോന്നുന്നില്ല.

ശ്രീ. ഉമ്മൻ ചാണ്ടിക്കറിയാം; ഈ ഗവൺമെന്റ് വന്നശേഷം 17 പള്ളികൾ പൂട്ടി. ശ്രീ. പൗലോസ് ഊരമന പള്ളിയെക്കുറിച്ച് പറഞ്ഞു, ഊരമനപ്പള്ളി മുഴുവൻ നിലംപ്പൊത്തി. അവിടെത്തന്നെ രണ്ട് ചാപ്പലുകൾ വച്ചു. ഓർത്തഡോക്സുകാർ ചാപ്പൽ വയ്ക്കാൻ പോയി. അതിനെക്കുറിച്ച് പ്രശ്നമുണ്ടായി. ഞാനുംകൂടി ഇടപെട്ടാണ് അത് രമ്യമായി പരിഹരിച്ചത്. ഈ പള്ളി പ്രശ്നത്തിൽ ഇത് അഗ്രവേറ്റ് ചെയ്യിക്കണമെന്നോ പള്ളിപ്രശ്നം രൂക്ഷമാക്കണമെന്നോ ഞങ്ങൾ ആരും ആഗ്രഹിച്ചില്ല. കന്യാട്ടുനിരപ്പ് പള്ളിയെ സംബന്ധിച്ച് പറഞ്ഞാൽ ആ പള്ളിയിൽ ആകെ നാലോ അഞ്ചോ വീട്ടുകാർ മാത്രമാണ് ഓർത്തഡോക്സ് വിഭാഗക്കാരായിട്ടുള്ളത്. പക്ഷെ ആർ.ഡി.ഒ.യും പോലീസും ഇടപെട്ട് ആ പള്ളി ഓർത്തഡോക്സ്കാർക്ക് കൊടുത്തിരിക്കുന്നു. അത് ഒരിക്കലും ന്യായീകരിക്കാൻ കഴിയുന്നതല്ല. അങ്ങയുടെ ജില്ലയായ തൃശ്ശൂരിൽ മിലിത്തിയോസ് തിരുമേനിയുടെ ആസ്ഥാനമുണ്ട്. ശ്രേഷ്ഠ ബാവ തിരുമേനിയുടെ പേരിലുള്ള സ്വത്തുക്കളാണ് അത്. അദ്ദേഹത്തിന്റെ പേരിലാണ് ആധാരം. അദ്ദേഹത്തിന്റെ പേരിലാണ് കാര്യങ്ങൾ നിൽക്കുന്നത്. അവിടെ ആരും അതിക്രമിച്ചുകടന്ന് മിലിത്തിയോസ് തിരുമേനിയെ ഇറക്കിവിടാനുള്ള ശ്രമം നടത്തിയിട്ടില്ല. യാക്കോബായ സഭയിലെ ശ്രേഷ്ഠ ബാവ തിരുമേനിയുടെ പേരിലുള്ള ആ വസ്തുക്കളിൽ അദ്ദേഹം പറയുന്നത് പകുതി അദ്ദേഹത്തിന് കൊടുത്തു. പകുതിയെങ്കിലും എനിക്കുതരണ്ടേ എന്നാണ്. അദ്ദേഹം ചോദിക്കുന്ന ആ ചോദ്യത്തിന് ന്യായമുണ്ട്. മൂവാറ്റുപുഴ ആസ്ഥാനം ഞങ്ങളുടെ കാലം ചെയ്ത കാതോലിക്ക ബാവ താമസിച്ചിരുന്ന ആസ്ഥാനമാണ്. അവിടെ യാക്കോബായ സഭയിൽ ഉണ്ടായിരുന്ന സഹായ മെത്രാൻ അദ്ദേഹത്തിന്റെ കാലശേഷവും അവിടെ തുടർന്ന് ഇന്ന് ആ

LIBRARY ARCHIVES Kerala Legislative Assembly

സ്വത്തുക്കൾ മുഴുവൻ കൈവശം വച്ചിരിക്കുന്നു. ഇത് മൂവാറ്റുപുഴ ടൗണിൽ ടി.ബി.യുടെ താഴെ പി.ഡബ്ല്യു.ഡി. ഓഫീസിന് തൊട്ടുതാഴെയിരിക്കുന്ന ഒരു സ്ഥലമാണ്. അവിടേയും യാക്കോബായ സഭപോയി പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടില്ല. സ്വത്തിന്റെ പ്രശ്നമല്ല, അവിടെ തർക്കം ഉണ്ടാക്കിയിട്ടില്ല, അടിയുണ്ടാക്കിയിട്ടില്ല, ബഹളം ഉണ്ടാക്കിയിട്ടില്ല, എനിക്കറിയാം. ഇതെല്ലാം രമ്യമായി തീരണമെന്ന് ആഗ്രഹിക്കുന്നവരാണ് എല്ലാപേരും. പക്ഷേ അതിനുള്ള സാഹചര്യമുണ്ടാക്കണ്ടേ? മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി വിശ്വസിക്കുന്നത് ഓർത്തഡോക്സ് വിഭാഗത്തിലാണ്. ഞാൻ യാക്കോബായ വിഭാഗത്തിലാണ് വിശ്വസിക്കുന്നത്. ഞങ്ങൾക്ക് ഞങ്ങളുടെ വിശ്വാസം മാറ്റാൻ സാദ്ധ്യമല്ല. അത് അവിടെ നിൽക്കട്ടെ. ഞാൻ വളരെ ഗൗരവപൂർവം ഒരു കാര്യം പറയട്ടെ, ഇവിടെയിപ്പോൾ ഈ തർക്കങ്ങൾ നിലനിൽക്കുകയാണ്. തർക്കങ്ങൾ നിലനിൽക്കുന്നിടത്ത് തർക്കം മൂക്ഷമാക്കാൻ ശ്രമിക്കണമോ? അത് പാടില്ലല്ലോ, ഇവിടെ ശ്രീ. പൗലോസ് തന്നെ പറഞ്ഞില്ലേ ജൂൺ മാസം 24-ാം തീയതിയും 25-ാം തീയതിയും തൃക്കുന്നത്ത് സെമിനാരിയുമായി ബന്ധപ്പെട്ട് ഉണ്ടായ പ്രശ്നം. മണ്ണാറപ്ര അച്ചൻ അവിടത്തെ വികാരിയായിരുന്നു. 1974-1975 കാലഘട്ടത്തിൽ അന്ന് ഇതുപോലെ പ്രശ്നമുണ്ടായപ്പോൾ, ശ്രീ. കെ. കരുണാകരൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഉണ്ടാക്കിയ ഒരു ഒത്തുതീർപ്പാണ് അവിടെ നിലനിൽക്കുന്നത്. അതിനുശേഷം 1977-ൽ ശ്രീ. കെ. എം. മാണി ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കുമ്പോൾ അവിടെ പ്രശ്നമുണ്ടായി. അന്നും ഈ പ്രശ്നം രമ്യമായി പരിഹരിച്ചു. അപ്പോഴും പറഞ്ഞത് 1974-1975-ലെ സ്റ്റാറ്റസ്കോ നിലനിൽക്കട്ടെ എന്നാണ്. 1974-1975-ൽ ശ്രീ. കെ. കരുണാകരന്റെ മദ്ധ്യസ്ഥതയിൽ ഇരു വിഭാഗക്കാരെയും വിളിച്ച് ചർച്ചനടത്തി ഉണ്ടാക്കിയ ആ കരാർ 1977-ൽ ലംഘിക്കപ്പെടുന്ന സാഹചര്യം വന്നപ്പോൾ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണിയടക്കം അതിൽ ഇടപെട്ടു. ഞാൻ അന്ന് അദ്ദേഹത്തിന്റെ കക്ഷിയിലുള്ള എം.എൽ.എ.യാണ്. ഞങ്ങളെല്ലാം അതിൽ ഇടപെട്ടു. അന്ന് പറഞ്ഞ ആ സ്റ്റാറ്റസ്കോ നിലനിൽക്കുകയാണ്. കഴിഞ്ഞ ജൂൺ മാസം 24-ാം തീയതി കോട്ടയത്തെ പരിശുദ്ധ ബാവ തിരുമേനി അവിടെ വരികയും കുർബ്ബാന അർപ്പിക്കുകയും കുർബ്ബാന മദ്ധ്യേ അദ്ദേഹത്തിന്റെ ഒരു കൽപ്പന മണ്ണാറപ്ര അച്ചനെക്കൊണ്ട് വായിപ്പിച്ച് അദ്ദേഹത്തെ ആ സ്ഥാനത്തുനിന്ന് നീക്കം ചെയ്യുകയും ചെയ്തു. അവിടെയാണ് പ്രശ്നത്തിന്റെ ഉൽഭവം. അതുകഴിഞ്ഞ് പ്രശ്നം സങ്കീർണ്ണമായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിൽ ഇടപെട്ടു. സ്റ്റാറ്റസ്കോയിലേക്ക് പോകാം. ഞാൻ പറഞ്ഞത് ജൂൺ 24, 25 തീയതികളിൽ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ (ഞാൻ അന്ന് ഇവിടെയില്ല, മദ്രാസിലെ ഹോസ്പിറ്റലിൽ ആയിരുന്നു.) ഒരു ധാരണയിൽ എത്തി. ആ ധാരണപ്രകാരം തൃക്കുന്നത്ത് സെമിനാരിയിൽ കയറിയിരുന്ന പരിശുദ്ധ ബാവ തിരുമേനിയെയും അച്ചനെയും അവിടെനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

പുറത്തേയ്ക്കുവിട്ടു. എന്നിട്ട് ശ്രേഷ്ഠ ബാവ തിരുമേനി പള്ളിയിൽ കയറി അവിടെ കാലം ചെയ്തിരിക്കുന്ന തിരുമേനിയുടെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്താൻ സമ്മതിച്ചു. അതിനുശേഷം ആ തിരുമേനിയും ബാവ തിരുമേനിയും പോകണമെന്ന് പറഞ്ഞു. ബാവ തിരുമേനിയും പോയി. അതിനുശേഷം ഈ കഴിഞ്ഞ ഞായറാഴ്ച കുർബ്ബാനയുണ്ട്. സ്റ്റാറ്റസ്കോ എന്നുപറഞ്ഞാൽ മണ്ണാറപ്പാ അച്ചൻ വേണം കുർബ്ബാന ചൊല്ലാൻ, അതിനുപകരം എന്തു ചെയ്തു? പിറ്റേദിവസം മുഖ്യമന്ത്രി 144 പ്രഖ്യാപിച്ചു. 144 പ്രഖ്യാപിച്ച സ്ഥലത്ത് പരിശുദ്ധ ബാവ തിരുമേനി ഓർത്തഡോക്സ് വിഭാഗത്തിന്റെ നിയുക്ത കാതോലിക്ക തിരുമേനി, രണ്ട് അച്ചൻമാർ, അവരുടെ സെക്രട്ടറിമാരായ രണ്ട് ശെമ്മാച്ചൻമാർ, പുതിയതായി നിയമിക്കപ്പെട്ട അച്ചൻ ഇത്രയും ആളുകൾ പള്ളിമേക്കത്ത് കയറി. അതെങ്ങനെ സംഭവിച്ചു എന്ന് മുഖ്യമന്ത്രി പറയണം. നിങ്ങൾ അല്ലേ ഇവിടെ പ്രശ്നം ഉണ്ടാക്കിയത് എന്ന് ഞാൻ പോലീസുകാരോട് ചോദിച്ചു. കാരണം കഴിഞ്ഞ തിങ്കളാഴ്ച നിങ്ങളൊരു രഹസ്യമായ പരിപാടം ഉണ്ടാക്കി സ്റ്റാറ്റസ്കോയെന്ന് പറഞ്ഞിട്ട് ഈ ശനിയാഴ്ച ആയപ്പോൾ ഞായറാഴ്ച കുർബ്ബാന ചൊല്ലേണ്ട ദിവസം നിങ്ങൾ അഞ്ചാറുപേരെ അവിടെ കയറ്റിവിട്ടിരിക്കുന്നു അത് ശരിയാണോയെന്ന് ചോദിച്ചു. അങ്ങനെയാണ് ശ്രേഷ്ഠ തിരുമേനി അവിടെ വന്ന് ആ കുരിശിൻതൊട്ടിയിൽ നിരാഹാരം ആരംഭിച്ചത്. ഈ പ്രശ്നം പരിഹരിക്കാൻവേണ്ട ശ്രമങ്ങൾ നടന്നു. അങ്ങേക്കു വേണമെങ്കിൽ അവിടെ ചെന്ന് എസ്. പി.യോട് അന്വേഷിക്കാം. ഞാൻ എസ്. പി.യുമായി സംസാരിച്ച ആളാണ്. അവിടെ പ്രശ്നങ്ങൾ അഗ്രവേറ്റ് ചെയ്യാൻ ശ്രമിച്ചില്ല. അവിടെ മോണിട്ടറിംഗ് കമ്മിറ്റി കൂടുകയാണ്. ഞാൻ അവിടെ പോയിട്ടില്ല. ഞാൻ അവിടെ പോകാതിരിക്കാൻ കാരണം, ഞാൻ അവിടെ പോയാൽ ഞാൻ അവിടെപ്പോയി പ്രശ്നം രൂക്ഷമാക്കുന്നു എന്നുപറയും; അതുകൊണ്ട് ഞാൻ പോയില്ല. മാനേജിംഗ് കമ്മിറ്റി നടന്നുകൊണ്ടിരുന്ന സെന്റ് മേരീസ് പള്ളിക്ക് പുറത്താണ് അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ കാർ കത്തിച്ചത്. കാർ കത്തിച്ചതിനെ ഞാൻ ന്യായീകരിക്കുന്നില്ല. നിങ്ങൾ അവരെ അറസ്റ്റ് ചെയ്യണം, അവർ പ്രശ്നം ഉണ്ടാക്കിയാൽ അവരെ അടിക്കണം; കുഴപ്പമൊന്നുമില്ല. പക്ഷേ പള്ളിക്കകത്ത് ഇരുന്ന ഒരു ആളും ഇതിൽ പ്രതിയല്ല. മാനേജിംഗ് കമ്മിറ്റി മെമ്പർമാർ, രണ്ട് തിരുമേനിമാർ, കുറേ വൈദികർ, പ്രാർത്ഥനയോടെ പുറത്തിരുന്ന കന്യാസ്ത്രീകൾ എന്നിവരാണ് അവിടെ ഉണ്ടായിരുന്നത്. ഈ വണ്ടി കത്തുന്ന സമയത്ത് ഒരു കാരണവുമില്ലാതെ പോലീസ് പള്ളിമേക്കത്ത് ഇരച്ചു കയറി അടിച്ചു. പുറത്തുകിടന്ന കസേര മുഴുവൻ പെറുക്കി അടിച്ചുപൊട്ടിച്ചു. എല്ലാ ടെലിവിഷൻ ചാനലിലും വന്നില്ലേ? എന്നിട്ട് അവിടെ ഒരു കോമ്പൗണ്ട് ഉണ്ടാക്കി. പ്രശ്നമുണ്ടാക്കണ്ട എന്ന് വച്ചിട്ട് ഇവരെയെല്ലാവരെയും പോലീസ് വാനിൽകയറ്റിക്കൊണ്ട് പോകട്ടെ, സമ്മതിച്ചു, കൊണ്ടുപോയിട്ട് അവിടെനിന്ന് കൊണ്ടുപോയവരുടെ മുഴുവൻപേരുടെയും പേരിൽ കേസ് എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അങ്ങയുടെ സബ്മിഷൻ ഇതൊന്നുമല്ല കേട്ടോ.

ശ്രീ. ടി. എം. ജേക്കബ്: സഭാതർക്കമാണ്.

മി. സ്പീക്കർ: ആണ്, പക്ഷെ ഒരാൾ ഒരു സബ്മിഷൻ തന്ന്, അങ്ങ് എന്നോടു പറഞ്ഞത് അതിൽതൊടാതെ മറ്റ് കാര്യം പറയാമെന്നാണ്. സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തരുത്.

ശ്രീ. ടി. എം. ജേക്കബ്: ഇല്ല, ദുരുപയോഗപ്പെടുത്തുന്നില്ല.

മി. സ്പീക്കർ: സെൻസിറ്റീവ് ഇഷ്യൂ ആയതുകൊണ്ട് ഞാൻ അഭിപ്രായം പറയാൻ അവസരം തന്നു.

ശ്രീ ടി എം. ജേക്കബ്: ഏതായാലും അവിടെ നടന്ന സംഭവങ്ങളെ ശ്രീ. ഉമ്മൻ ചാണ്ടി ന്യായീകരിക്കുമെന്ന് തോന്നുന്നില്ല. അങ്ങയുടെ മറുപടിയിൽ ന്യായീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. ഇതിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണം. ആർ കുഴപ്പം കാണിച്ചു? ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കണം. തർക്കമാണ്, രമ്യമായി പരിഹരിക്കണം. അങ്ങ് ഒരു മുഖ്യമന്ത്രിയാണ്; സഭാവിശ്വാസിയാണ്; ദൈവവിശ്വാസിയാണ്; ഞാൻ സമ്മതിക്കുന്നു. പക്ഷെ നമ്മുടെ വിശ്വാസം പക്ഷം പിടിച്ചാകരുത്. ഓർത്തഡോക്സ് വിഭാഗത്തിന് മാത്രമായി പ്രവർത്തിക്കുന്ന ഒരു മുഖ്യമന്ത്രിയെ അല്ല ഞങ്ങൾക്ക് ആവശ്യം. ഇരു സഭകൾക്കും തുല്യനീതി കിട്ടുന്ന നിഷ്പക്ഷമായി പ്രവർത്തിക്കുന്ന ഒരു മുഖ്യമന്ത്രിയായി ശ്രീ. ഉമ്മൻ ചാണ്ടിക്ക് മാറാൻ കഴിയണം. അതുകൊണ്ട് ഈ ഇടുങ്ങിയ ചിന്താഗതികൾ വിട്ട് മുഖ്യമന്ത്രി വിശാലമായി ചിന്തിച്ച് ഈ പ്രശ്നം പരിഹരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ മുഖ്യമന്ത്രി-ആയതിനുശേഷം ഒരു പള്ളിയും പുട്ടിയിട്ടില്ല. ശ്രീ. ടി. എം. ജേക്കബ് മന്ത്രിയായിരുന്ന സമയത്ത് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ പുട്ടിയ പള്ളിയുടെ കാര്യമാണ് പറയുന്നത്.

ശ്രീ. ടി. എം. ജേക്കബ്: നമ്മൾ വെറുതേ തർക്കത്തിലേക്ക് പോകണ്ട, ഈരമനപ്പള്ളി പ്രശ്നമുണ്ടായപ്പോൾ അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി അവിടെ ജേക്കബിന്റെ നിയോജകമണ്ഡലമാണ്, ഈ പ്രശ്നമൊന്ന് രമ്യമായി പരിഹരിക്കണമെന്ന് എന്നെ വിളിച്ച് പറഞ്ഞു, ഞാൻ പോയി രമ്യമായി പരിഹരിച്ചു; നിങ്ങൾ അത് മനസ്സിലാക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: 17 പള്ളി പുട്ടിയെന്ന് പറയുമ്പോൾ അതിന്റെ ധ്വനി എന്താണ്? ഞാൻ വന്നിട്ട് 17 പള്ളി പുട്ടിയെന്നാണ്. മി. ജേക്കബ് ഞാൻ വന്നതിനുശേഷം ഒരു പള്ളിയും പുട്ടിയിട്ടില്ല. അതങ്ങ് മനസ്സിലാക്കണം. ഇവിടെനിന്ന് പറയുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കേൾക്കുന്നവർക്ക് വേറെയെന്തെങ്കിലും അർത്ഥമായിരിക്കും മനസ്സിലാകുന്നത്. ഒരു പള്ളിയും പൂട്ടിയിട്ടില്ല. ഞാൻ വളരെ വർഷങ്ങളായി പൊതുപ്രവർത്തനരംഗത്ത് നിൽക്കുന്ന ആളാണ്. പൊതുപ്രവർത്തനരംഗം ആരംഭിച്ച കാലംതൊട്ട് സഭാ പ്രശ്നങ്ങളിൽ ഇടപെടുന്ന ആളാണ് ഞാൻ. ഈ സഭയിൽപ്പെട്ട ഒരാളാണ്. അതുകൊണ്ട് ഞാൻ മാറിക്കളയുന്ന ആളൊന്നുമല്ല. ഞാൻ ഒരു പ്രശ്നത്തിൽനിന്നും ഒളിച്ചോടുന്ന ആളല്ല. ഇന്നുവരെ ഞാൻ മൺകൈസെഡ് പിടിച്ചു എന്ന് ഒരാളും പറഞ്ഞിട്ടില്ല. ഞാൻ ഇക്കാര്യത്തിൽ എടുക്കുന്ന നിലപാടുകൾ വളരെ വ്യക്തമാണ്. അതിനകത്ത് ശ്രീ. ജേക്കബിന് ഒരുസംശയവും വേണ്ട. സ്റ്റാറ്റസ്കോ നിലനിൽക്കും. സ്റ്റാറ്റസ്കോയ്ക്ക് മാറ്റം വരുത്തണമെന്നുണ്ടെങ്കിൽ രണ്ട് സാഹചര്യമാണുള്ളത്. ഒന്ന്, കോടതി വിധി അല്ലെങ്കിൽ by mutual agreement. ഈ രണ്ട് സാഹചര്യത്തിൽ അല്ലാതെ സ്റ്റാറ്റസ്കോ മാറ്റാൻ അനുവദിക്കില്ല. രണ്ട് വിഭാഗങ്ങൾ തമ്മിൽ തർക്കമുണ്ട്. ആ തർക്കം നിൽക്കുകയാണ്. തർക്കം മാത്രമല്ല കോടതിയിൽ പല കേസ്സുകളുമുണ്ട്. ഇത് വർഷങ്ങളായി നിലനിൽക്കുന്ന പ്രശ്നങ്ങളാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കോടതി വിധി നടപ്പിലാക്കണമെന്നാണല്ലോ?

മി. സ്പീക്കർ: സബ്മിഷൻ സമയത്ത് ഇങ്ങനെയായാലോ? This is bad. Please.....take your seat. ഒരുകാര്യം തീർച്ച, ചീഫ് മിനിസ്റ്റർ വളരെ ലിബറലാണ്. പക്ഷേ സഭാനാഥൻ എന്നുള്ള നിലയിൽ നിയമം പാലിക്കേണ്ട ബാധ്യത എനിക്കുണ്ട്. മറ്റ് മെമ്പർമാരുടെ വികാരം മനസ്സിലാക്കണം. Sensitive issue എന്നുള്ള നിലയ്ക്ക് ഇന്ന് നിങ്ങളിൽ പലരും രാഷ്ട്രീയമായ ചില തീരുമാനങ്ങളെടുത്ത സാഹചര്യത്തിൽ ഞാൻ മറ്റൊരു നിലപാട് സ്വീകരിച്ച് തെറ്റിദ്ധാരണ വരരുത് എന്നുകരുതി liberal attitude sensitive issues-ൽ തന്നു. അതനുസരിച്ച് എല്ലാത്തിലും ചട്ടങ്ങൾക്ക് വിരുദ്ധമായി ഇടപെട്ട് നീട്ടിക്കൊണ്ടുപോയത് ശരിയല്ല. സബ്മിഷൻ കഴിഞ്ഞു. മറുപടി പറയാം.

ശ്രീ. ഉമ്മൻ ചാണ്ടി: സ്റ്റാറ്റസ്കോയ്ക്ക് മാറ്റം വരുത്തുന്നത് കോടതി വിധി അല്ലെങ്കിൽ by mutual agreement ഇതാണ് പ്രശ്നം. വർഷങ്ങളായി നിൽക്കുന്ന തർക്കങ്ങളും കേസുകളുമാണ്. എല്ലാം ശ്രീ. ജേക്കബിന് അറിയാമല്ലോ? എന്നിട്ട് അത് തെറ്റിദ്ധരിച്ച് ഞാൻ ഓർത്തഡോക്സ്കാരനാണ്, ഞാൻ വന്നതിനുശേഷം ഇവിടെ പള്ളിയെല്ലാം പൂട്ടിയെന്നുള്ള രീതിയിൽ ഒരു പ്രചരണത്തിന് അങ്ങ് തുനിഞ്ഞത് വളരെ വില കുറഞ്ഞതായിപ്പോയി ..... (ബഹളം)..... 17 പള്ളികൾ പൂട്ടി എന്നുപറഞ്ഞാൽ എന്താണ്? ..... (ബഹളം) ..... അത് ഞാനായിരുന്ന സമയത്തല്ല. ചിലത് വർഷങ്ങളായി പൂട്ടിക്കിടക്കുന്നതാണ്. ബാക്കി

LIBRARY ARCHIVES Kerala Legislative Assembly

പിന്നത്ത് അങ്ങ് മന്ത്രിയായിരുന്ന സമയത്താണ്. അങ്ങേക്ക് അത് തടയാൻ സാധിച്ചിരുന്നല്ലോ? ഇതിനകത്തുള്ള പ്രശ്നങ്ങൾ മമ്മുമായി തീർക്കുന്നതിനുവേണ്ടി ഞാൻ ഇന്നുവരെ ഒരു പക്ഷപാതവും കാണിച്ചിട്ടില്ല. പ്രിൻസിപ്പിൾ വരുമ്പോൾ ചിലർക്ക് അനുകൂലമാകും പിന്നർക്ക് ദോഷമാകും. ഇതുവരെ എന്റെ വിഭാഗമാണ് എന്നെ കുറ്റപ്പെടുത്തിക്കൊണ്ടിരുന്നത്. മാധ്യമങ്ങളിലൊക്കെ വരികയും ശ്രീ. ബാലകൃഷ്ണ പിള്ളയും എനിക്കെതിരായിട്ട് ..... (ബഹളം) ..... ശ്രീ. ബാലകൃഷ്ണപിള്ള എനിക്കെതിരായി എന്റെ സഭയിൽപോയി പ്രസംഗിച്ചിട്ടുണ്ട് ..... (ബഹളം) ..... അവിടുത്തെ കാര്യം ചർച്ച ചെയ്ത് തീർക്കാൻവേണ്ടി ശ്രമിക്കുകയാണ്. ഏത് പ്രശ്നത്തിൽ തർക്കം വന്നാലും സ്റ്റാറ്റസ്കോ എന്താണെന്നുള്ളതായിരിക്കും നോക്കുന്നത്. സ്റ്റാറ്റസ്കോ സംബന്ധിച്ച് ഇവിടെ തർക്കം വന്നിട്ടുണ്ട്, രണ്ട് കൂട്ടർക്കും തർക്കമുണ്ട്. സ്റ്റാറ്റസ്കോ ഏതാണെന്നുള്ളത് ഗവൺമെന്റ് നിയമപരമായി പരിശോധിച്ച് തീരുമാനിക്കാം. അതനുസരിച്ച് കാര്യങ്ങൾ മുന്നോട്ട്പോകും. ഇത് വർഷങ്ങളായി നിൽക്കുന്ന പ്രശ്നമാണ്. ഇന്നുവരെ നിയമസഭാവേദിയിൽ വന്നിട്ടില്ല. ശ്രീ. ജേക്കബ് അത് വലിച്ച് ഇങ്ങോട്ട് കൊണ്ടുവന്നിട്ടുണ്ട് ..... (ബഹളം) ..... അതുകൊണ്ടാണ് ഞാൻ പറയുന്നത്, വീണ്ടും ആവർത്തിക്കാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു സൈഡ് പിടിക്കുന്ന പ്രശ്നമേ ഇല്ല. ഇരുവിഭാഗക്കാർക്കും നീതിവിഭിക്കത്തക്ക വിധത്തിലുള്ള നടപടികളെടുക്കും. ശ്രീ. ജേക്കബ് ഇതിൽനിന്ന് മുതലെടുക്കാൻ ആരെയും അനുവദിക്കുകയില്ല. അവിടെനടന്ന പോലീസ് നടപടിയെ സംബന്ധിച്ച് പറഞ്ഞു. അവിടെ ചില തർക്കങ്ങൾ വന്നു. അതിനുശേഷം കാതോലിക്കാ ബാവ തിരുമേനി പ്രാർത്ഥനാ യജ്ഞം ആരംഭിച്ചു. ആ പ്രശ്നത്തിൽ ഇടപെട്ട് പ്രശ്നം തീർന്നു, ധാരണയായി, അത് അവസാനിക്കുന്ന സ്റ്റേജായി. ബാവാ തിരുമേനി പ്രാർത്ഥനായജ്ഞമാണ് നടത്തിയത്. ഒരുവിധത്തിലും തെറ്റായ കാര്യത്തിനൊന്നും തിരിഞ്ഞിട്ടില്ല. നല്ല രീതിയിലുള്ളതായിരുന്നു. സഭാനേതാക്കളെല്ലാവരും ഇത് തീർക്കുന്നതിനുവേണ്ടി സഹകരിച്ചു. അങ്ങനെ പ്രശ്നം തീർന്നതിനുശേഷമാണ് അക്രമ സംഭവങ്ങൾ അവിടെയുണ്ടായതും കാർ കത്തിച്ചതും തുടർന്നുണ്ടായ നിർഭാഗ്യകരമായ സംഭവങ്ങളും. നിരപരാധികളായിട്ടുള്ളവർ കേസിൽ പ്രതികളായിട്ടുണ്ടെന്ന് ശ്രീ. പന്തളം സുധാകരൻ പറഞ്ഞു. നിശ്ചയമായിട്ടും ഗവൺമെന്റ് അത് പരിശോധിക്കും, അന്വേഷിക്കും. കാരണം പോലീസ് ഓടിച്ചിട്ട് കയറി പിടിച്ചതാണ്. അതിനകത്ത് കുറ്റക്കാരല്ലാത്തവരുംകാണും. ഞാൻ വ്യക്തമായി ഉറപ്പുതരുന്നു, കുറ്റക്കാരല്ലാത്തവർ കേസിൽപ്പെടാൻ സാദ്ധ്യത ഉണ്ട്. അങ്ങനെ പെട്ടിട്ടുണ്ടെങ്കിൽ അന്വേഷിക്കും. ഈ അക്രമികൾ ഓടിച്ചെന്ന് അകത്തോട്ട് കയറി. കയറിയതിന്റെ പുറകെ ..... (ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly

കാർ കത്തിച്ചു, കല്ലെറിഞ്ഞു, 10 പോലീസുകാർക്ക് പരിക്കേറ്റു. അതിനുശേഷം അവർ ഇതിനകത്താക്ട്ട് കയറിയപ്പോൾ പിടിച്ചതാണ്. അതിനകത്ത് കുറ്റക്കാരല്ലാത്തവർ ആരുണ്ടെങ്കിലും അവരെ വിട്ടയയ്ക്കും. നിഷ്പക്ഷമായിട്ടും അന്വേഷിച്ച് കുറ്റക്കാരുടെ പേരിൽ നടപടിയെടുക്കും. ഒരുകാര്യം കൂടി അന്വേഷിക്കും. ഈ പ്രശ്നം തീർക്കുന്നതിന് സഭാനേതാക്കൾ എല്ലാവരും സഹകരിക്കുകയും പ്രശ്നം തീർക്കുകയും ചെയ്തതിനുശേഷം ഇങ്ങനെയൊരു അക്രമത്തിന് ആരെങ്കിലും പുറകിൽനിന്ന് പ്രേരണ ചെലുത്തിയിട്ടുണ്ടോ എന്നകാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കും. കാരണം ..... (ബഹളം) ..... ഏത് അന്വേഷണം വേണമെന്ന് തീരുമാനിക്കാം. അങ്ങേയറ്റത്തെ സഹായകരമായ സമീപനമാണ് ഇതുമായി ബന്ധപ്പെട്ട ആളുകളൊക്കെ സ്വീകരിച്ചത്. അതുകൊണ്ടാണ് ഈ പ്രശ്നം വളരെ പെട്ടെന്ന് തീരാൻ ഇടയായതും. പ്രശ്നം തീർന്നു എന്ന് വന്നതിനുശേഷമാണ് നിർഭാഗ്യകരമായ, വേദനാജനകമായ ഈ സംഭവം. ഞാൻ ആ സംഭവത്തെ ന്യായീകരിക്കുകയല്ല. പക്ഷേ അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ കാർ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ കൂടി യാത്ര ചെയ്തുകൊണ്ടിരുന്ന സമയത്ത് തടഞ്ഞുനിർത്തി അവരെ ഇറക്കി കാർ മറിച്ചിട്ട് പോലീസിന്റെ സാന്നിദ്ധ്യത്തിൽ കത്തിക്കുമ്പോൾ അത് കണ്ടുനിൽക്കണമെന്ന് നമുക്ക് പറയാൻ സാധിക്കുമോ? പോലീസിന് അവരുടെ പുതുതായ നിറവേറ്റേണ്ടിവരും. അതിന് പോലീസിന് സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ട്. അതിന്റെ പേരിൽ ഞാൻ ഇപ്പോൾ ധാരാളം കവ്വേറ് കൊള്ളുന്നുണ്ട്. കൊള്ളാതിരിക്കാൻ പറ്റുമോ? ഇവിടെ എൻട്രൻസ് എക്സാമിനേഷൻ നടത്തിയതിനുശേഷം അതിന്റെ കൗൺസലിംഗ് തടയാൻ വന്നാൽ ..... കൗൺസലിംഗ് നടത്തേണ്ടത് ബാഡ്ധ്യതയല്ലേ? അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ കാർ പട്ടാപ്പകൽ റോഡിലിട്ട് കത്തിക്കുന്ന സംഭവം നടന്നപ്പോൾ അവിടെയുണ്ടായിരുന്ന പോലീസ് അത് തടയാൻ ശ്രമിച്ചു. ഉടനെ കവ്വേറ് വന്നു. 10 പേർക്ക് പരിക്കുണ്ട്. ഇത് നിർഭാഗ്യകരവും വേദനാജനകവുമാണ്. ആ സാഹചര്യത്തിൽ പോലീസിന് ഇതല്ലാതെ മറ്റൊന്നും ചെയ്യാൻ നിവൃത്തിയില്ലാതെ വന്നു. ഇപ്പോൾ കുറ്റക്കാരല്ലാത്തവരെ അറസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് ആശങ്ക വേണ്ട. എല്ലാം പരിശോധിച്ചിട്ട് കുറ്റക്കാരല്ലാത്തവരെ ഒഴിവാക്കും. ഇതിനകത്തുനിന്ന് മുതലെടുക്കാൻ ആരെങ്കിലും ശ്രമിക്കുന്നുണ്ടെങ്കിൽ അതിനുള്ള സാഹചര്യം ഉണ്ടാക്കുകയില്ല. ഈ പ്രശ്നം രമ്യമായി തീർക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കും. അതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കും.

LIBRARY ARCHIVES Kerala Legislative Assembly